# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം 4275

25.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ടൂറിസം വകുപ്പിന്റെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം വകുപ്പിന് കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിലാണ് പുതിയ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) ടൂറിസം വകുപ്പിന്റെ ഡയറക്ടറേറ്റിലേക്കും ജില്ലാ ഓഫീസുകളിലേക്കും ഗസ്റ്റ് ഹൗസുകളിലേക്കും മന്ത്രിമന്ദിരങ്ങളിലേക്കും ടൂറിസം ഗ്യാരേജിലേക്കും പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അതുപോലെ കെ.റ്റി.ഡി.സി., കിറ്റ്സ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി, ബി.ആർ.ഡി.സി. എന്നിവിടങ്ങളിലും പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| ബി) ഓരോ സ്ഥാപനത്തിലും എത്രവീതം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും നിയമനരീതി എങ്ങനെയാണെന്നും വ്യക്തമാക്കുമോ ? | ടൂറിസം ഡയറക്ടറേറ്റിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ താഴെ പറയുന്ന പ്രകാരമാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.<br>ടൂറിസം ഡയറക്ടറേറ്റ് - 19<br>ജില്ലാ ഓഫീസുകൾ - 9<br>ഗസ്റ്റ് ഹൗസുകൾ / യാത്രീ നിവാസ് / കേരളാ ഹൗസ് - 52<br>മന്ത്രിമന്ദിരങ്ങൾ - 17<br>കനകക്കുന്ന് കൊട്ടാരം -3<br>പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് /സ്പോർട്ട്സ് ക്വാട്ട മുഖേനയുള്ള നിയമനങ്ങൾ വഴിയാണ് ജീവനക്കാരെ നിയമിച്ചത്. ടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന് അനുസൃതമായിട്ടാണ്. |

(..........2)

കെ.റ്റി.ഡി.സി.യിൽ 26 പേരെ നിയമിച്ചതിൽ 15 പേർ പി.എസ്.സി മുഖേനയും 8 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പത്രപരസ്യം വഴിയും 3 പേർ ആശ്രിത നിയമനം വഴിയുമാണ് നിയമിതരായിട്ടുള്ളത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിൽ ആണ് ഇവർക്ക് നൽകുന്നത്.

കിറ്റ്സിൽ 4 നിയമനങ്ങൾ ആണ് നടത്തിയത് അത് താഴെ പറയും പ്രകാരമാണ്:
ലക്ചറർ (ട്രാവൽ & ടൂറിസം) - 2
കൺസൾട്ടന്റ് - 1
റിസപ്ഷനിസ്റ്റ് കം ടൈപ്പിസ്റ്റ് - 1
കിറ്റ്സിൽ അംഗീകരിച്ച സർവ്വീസ് റൂൾ പ്രകാരം എഴുത്തുപരീക്ഷ, മുഖാമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ നേരിട്ടാണ് നിയമനം നടത്തിയിട്ടുള്ളത്. ഇതിൽ ലക്ചറർക്ക് AICTE യുടെ സേവന വേതന വ്യവസ്ഥകളും മറ്റു തസ്തികകൾക്ക് കേരള സർക്കാരിന്റെ സേവന വേതന വ്യവസ്ഥകളുമാണ് ബാധകം.

ബി.ആർ.ഡി.സി.യിൽ നടന്ന ഒരു നിയമനം കരാർ വ്യവസ്ഥയിൽ 5,000 രൂപ മൊത്ത ശമ്പളത്തിൽ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ ആയിരുന്നു.

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സൊസൈറ്റിയിൽ നടന്ന 5 നിയമനങ്ങളിൽ പാർട്ട് ടൈം സ്കെയിലിലുള്ള 3 സ്വീപ്പർമാരുടെ നിയമനവും 2 പ്യൂൺമാരുടെ നിയമനവും ഉൾപ്പെടുന്നു. പ്യൂൺമാരുടെ നിയമനങ്ങളിൽ ഒന്ന് നിലവിലുണ്ടായിരുന്ന ലിസ്റ്റിൽ നിന്നും മറ്റൊന്ന് ആശ്രിത നിയമനം വഴിയുമാണ്.

സെക്ഷൻ ഓഫീസർ